05 MAY 2025

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസം-09/08/2024 ലെ സ.ഉ (എം.എസ്) 100/2024/പൊ.വി.വ നമ്പർ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ റദ്ദ് ചെയ്യ -ഉത്തരവ് പുറപ്പെടുവിക്കുന്നു

പൊതു വിദ്യാഭ്യാസ (ജെ.എ) വകുപ്പ്

സ.ഉ.(കൈ) നം.73/2025/GEDN തീയതി.തിരുവനന്തപുരം, 26-04-2025

പരാമർശം:-
1. സ.ഉ (എം.എസ്) 100/2024/പൊ.വി.വ തീയതി.09/08/2024
2. വ്യാവസായിക പരിശീലന വകുപ്പ് ടെയിനിങ് ഡയറക്ടറുടെ 06/11/2024 ലെ ഡി.ടി/1220/2024-എഫ് 1 നമ്പർ കത്ത്
3. 10/12/2024 ലെ സി1/282/2024-തൊഴിൽ നമ്പർ സർക്കാർ അനൗദ്യോഗിക കുറിപ്പ്
4. എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ 25/03/2025 ലെ എസ്.സി.ഇ.ആർ.ടി/10/2025-സി.എൽ.പി 3 നമ്പർ കത്ത്

ഉത്തരവ്

VHSE MRDA കോഴ്സിനെ ITI (KGTE/NCVT) Electrician/Wireman കോഴ്സിന്റെ പകരം യോഗ്യതയായി അംഗീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിരുന്നു.

5/5/25

2. എന്നാൽ Electrician, Wireman, VHSE-MRDA എന്നീ കോഴ്സുകളുടെ സിലബസ്സുകളുടെ ഉള്ളടക്കം താരതമ്യം ചെയ്ത് വിശദമായി പരിശോധിച്ചതിൽ Electrician, Wireman എന്നീ ട്രേഡ് സിലബസ്സുകളിൽ പരാമർശം (1) ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള Power Sector (Generation, Transmission & Distribution), Industrial Wiring, EV Charging Station, Solar Power Plant Power Electronics, UG Cable, DC Machines (not in practical) എന്നീ വളരെ പ്രധാനപ്പെട്ട ഭാഗങ്ങളൊന്നും തന്നെ VHSE-MRDA കോഴ്സ് സിലബസ്സിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല എന്നും ഐ.ടി.ഐ ഇലക്ട്രീഷ്യൻ, വയർമാൻ ട്രേഡ് സിലബസ്സുകളിലും VHSE-MRDA Syllabus-ലും പൊതുവായി വരുന്ന മറ്റ് ഭാഗങ്ങൾ തന്നെ പരിമിതമായി മാത്രമേ MRDA Course Syllabus-ൽ ഉൾപ്പെട്ടിട്ടുള്ളൂ എന്നും ഐടിഐ അഡ്മിഷന് SSLC-യാണ് അടിസ്ഥാന യോഗ്യത എങ്കിലും ഐടിഐ പരിശീലനം നേടാനായി വരുന്ന ടെയിനികളിൽ ഭൂരിഭാഗവും പ്ലസ്ടു / വിഎച്ച്എസ്ഇ കോഴ്സ് വിജയിച്ച് ഉപരിപഠനാർത്ഥം വരുന്നവരാണെന്നത് യാഥാർത്ഥ്യമാണ് എന്നും വിവിധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഇലക്ട്രീഷ്യൻ തസ്തികകൾക്ക് അനുയോജ്യമായ തരത്തിലുള്ള സമഗ്ര സിലബസ്സും വിദഗ്ധ പരിശീലനവുമാണ് ഐടിഐ-കളിൽ ഇലക്ട്രീഷ്യൻ, വയർമാൻ ട്രേഡുകളിൽ നടത്തിവരുന്നത് എന്നും ആയതിനാൽ VHSE-MRDA കോഴ്സ് ഐടിഐ ഇലക്ട്രീഷ്യൻ, വയർമാൻ ട്രേഡുകൾക്ക് തത്തുല്യ യോഗ്യതയായി പരിഗണിക്കുവാൻ

കഴിയില്ലായെന്ന് വ്യാവസായിക പരിശീലന വകുപ്പ് ടെയിനിങ് ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിക്കുകയുണ്ടായി. കൂടാതെ കേന്ദ്ര സർക്കാർ വകുപ്പായ DGT (Directorate General of Training) തയ്യാറാക്കിയിരിക്കുന്ന വ്യത്യസ്ത സിലബസ്സുകൾ പ്രകാരം ഐടിഐ കളിൽ ടെയിനിങ് നൽകുന്ന Electrician, Wireman എന്നീ കോഴ്സുകൾ തമ്മിൽ പോലും തത്തുല്യമായി അംഗീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടി രണ്ട് കോഴ്സുകളും VHSE-MRDA കോഴ്സിന് തത്തുല്യമായി ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല എന്നും പരാമർശം (1) ഉത്തരവ് ഐടിഐ-കളിൽ നിന്നും Electrician, Wireman ട്രേഡുകൾ പഠിച്ചിറങ്ങുന്ന ടെയിനികളുടെ പരിമിതമായ ജോലി സാധ്യതയെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യമാണുള്ളത് എന്നും ആയതിനാൽ മേൽ വസ്തുതകളെല്ലാം പരിഗണിച്ച് പരാമർശം (1) ഉത്തരവ് റദ്ദ് ചെയ്യണമെന്നും വ്യാവസായിക പരിശീലന വകുപ്പ് ടെയിനിങ് ഡയറക്ടർ സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എസ്.സി.ഇ.ആർ.ടി ഡയറക്ടർ സമർപ്പിച്ച 04/04/2024 ലെ Equivalency Standing Committee Meeting ന്റെ തീരുമാനമനുസരിച്ചാണ് VHSE MRDA കോഴ്സിനെ ITI(KGTE/NCVT) Electrician/Wireman കോഴ്സിന്റെ പകരം യോഗ്യതയായി അംഗീകരിച്ചു പരാമർശം (1) ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചത്. എന്നാൽ വ്യാവസായിക പരിശീലന വകുപ്പ് ടെയിനിങ് ഡയറക്ടറുടെ പരാമർശം (2) കത്തിന്റെ അടിസ്ഥാനത്തിൽ ടി ഉത്തരവു റദ്ദ് ചെയ്യുന്നതിന് എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ ഉപാർശ പരാമർശം (4) പ്രകാരം ലഭ്യമായിട്ടുണ്ട്. അതനുസരിച്ച് പരാമർശം (1) ഉത്തരവ് ഉടൻ പ്രാബല്യത്തിൽ റദ്ദ് ചെയ്ത ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
അഡിഷണൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കണ്ടറി വിഭാഗം), തിരുവനന്തപുരം
പൊതു വിദ്യാഭ്യാസ ഡയറക്ടർ (വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം), തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം
തൊഴിലും നൈപുണ്യവും (സി) വകുപ്പ് (10/12/2024 ലെ സി1/282/2024-തൊഴിൽ നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
ടെയിനിങ് ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തൊഴിൽ ഭവൻ തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ &ഇ ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
N K Sheena
Date: 28-04-2025 10:56:07